**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 254** **25-10-2021 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് റോഡ് ടാറിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി. മമ്മിക്കുട്ടി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരിസ്ഥിതിക്കും ആരോഗ്യത്തിനും വിപത്തായ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് എത്ര കിലോമീറ്റർ റോഡ് ടാർ ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നിരത്തുകൾ വിഭാഗത്തിന് കീഴിൽ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് 2016 മുതൽ നാളിതുവരെ 803 കി.മീ. റോഡും ദേശീയപാത വിഭാഗത്തിനു കീഴിൽ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് 102.34 കി.മീ. റോഡും ടാർ ചെയ്തിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്ഥാപനങ്ങളും പൊതുമരാമത്തും നിർമ്മിക്കുന്ന റോഡുകളിൽ പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന സർക്കാർ ഉത്തരവ് അനുസരിച്ച് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര മെട്രിക് ടൺ പ്ലാസ്റ്റിക് മാലിന്യമാണ് റോഡ് ടാറിംഗിന് പ്രയോജനപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | (ബി) | നിരത്തുകൾ വിഭാഗത്തിന് കീഴിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ 1180 മെട്രിക് ടൺ പ്ലാസ്റ്റിക് മാലിന്യമാണ് റോഡ് ടാറിംഗിന് പ്രയോജനപ്പെടുത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകളിൽ പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന സർക്കാർ ഉത്തരവ് അനുസരിച്ച് ബി.സി. പ്രതലം ഉപയോഗിച്ച് നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും നിലവിൽ 50% പ്ലാസ്റ്റിക് ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനാണ് അനുമതി നൽകുന്നത്. ദേശീയപാത വിഭാഗത്തിനു കീഴിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 265.283 മെട്രിക് ടൺ പ്ലാസ്റ്റിക് മാലിന്യം റോഡ് ടാർ ചെയ്യാൻ ഉപയോഗിച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ക്ലീൻ കേരള കമ്പനി വഴി പൊതുമരാമത്ത് വകുപ്പിന് എത്ര മെട്രിക് ടൺ പൊടിച്ച പ്ലാസ്റ്റിക്കാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാർ നൽകി കഴിഞ്ഞാൽ ബന്ധപ്പെട്ട കരാറുകാരൻ തന്നെയാണ് പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടെയുള്ള സാമഗ്രികൾ വാങ്ങുന്നത്. കരാറുകാർ ക്ലീൻ കേരള കമ്പനി ഉൾപ്പെടെയുള്ള കമ്പനികളിൽ നിന്നാണ് പ്ലാസ്റ്റിക് മാലിന്യം വാങ്ങുന്നത്. |
| (ഡി) | പ്ലാസ്റ്റിക് ചേർത്ത് നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ നിലവിൽ എന്ത് സംവിധാനമാണ് ഉള്ളതെന്ന് വിശദമാക്കാമോ; ഇത് | (ഡി) | ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് IRC SP: 98-2013 പ്രകാരം പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബി.സി ഉപരിതലം |

| | | | |
|---|---|---|---|
| | സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | നിർമ്മിക്കുന്നതിനാവശ്യമായ എല്ലാ ഗുണനിലവാര പരിശോധനകളും പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിലും നടത്തി വരുന്നു. കൂടാതെ ഷ്രെഡഡ് പ്ലാസ്റ്റിക് IRC Code – ൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ളതാണ് ടാറിംഗിന് ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ